**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. T3652 | 11.11.2019- ൽ മറുപടിക്ക് |
|---|---|

**ആറന്മുള മണ്ഡലത്തിലെ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പ്രവൃത്തികൾ**

| | ചോദ്യം<br>ശ്രീമതി.വീണാ ജോർജ്ജ് | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | പ്രളയത്തിൽ തകർന്ന റോഡുകളുടെ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പ്രകാരം നടപ്പിലാക്കുന്ന പുനരുദ്ധാരണ പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; ആയതിന്റെ നിർവ്വഹണ ഏജൻസി ഏതെന്ന് വ്യക്തമാക്കാമോ; | (എ) | 818.87 കി.മീ ദൈർഘ്യം വരുന്ന, പൊതുമരാമത്ത് വകുപ്പിനു കീഴിലെ 31 റോഡുകൾ റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി പുനർനിർമ്മിക്കാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത റോഡുകളുടെ ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>ഇതു കൂടാതെ, പത്തനംതിട്ട, കോട്ടയം, എറണാകുളം, വയനാട്, തൃശ്ശൂർ, ഇടുക്കി, പാലക്കാട്, ആലപ്പുഴ എന്നീ 8 ജില്ലകളിൽ നിന്നായി തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള 603.74 കി.മീ റോഡുകളും റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി പുനർനിർമ്മിക്കാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത റോഡുകളുടെയും ഡി.പി.ആർ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (ബി) | ആറന്മുള മണ്ഡലത്തിലെ ഏതെല്ലാം റോഡുകളാണ് പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കുമോ? | (ബി) | റീബിൽഡ് കേരള പദ്ധതിയിൽ നിയോജക മണ്ഡലാടിസ്ഥാനത്തിലല്ല, മറിച്ച്, സംയോജിത ജലവിഭവ മാനേജ്മെന്റ്, ജലവിതരണം, ശുചിത്വം, നഗരവികസനം, റോഡുകളും പാലങ്ങളും,ഗതാഗതം, വനം,കൃഷി, മൃഗക്ഷേമവും ക്ഷീരവികസനവും, മത്സ്യമേഖല, ഉപജീവനോപാധികൾ, ഭൂമി എന്നിങ്ങനെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട നയസമീപനം, സ്ഥാപനതലത്തിലും നിയന്ത്രണ തലത്തിലുമുള്ള പ്രവർത്തനങ്ങൾ, മുൻഗണന നൽകേണ്ട നിക്ഷേപ പദ്ധതികൾ, തുടങ്ങിയവയിലൂടെ അതിജീവനക്ഷമമായൊരു കേരളം കെട്ടിപ്പടുക്കുന്നതിനുവേണ്ട പദ്ധതികളാണ് ഏറ്റെടുക്കുന്നത്.<br><br>ഇത്തരത്തിൽ റീബിൽഡ് കേരളയുടെ കീഴിൽ ആദ്യഘട്ടത്തിൽ ഏറ്റെടുക്കുന്ന പൊതുമരാമത്ത് റോഡുകളിൽ ആറന്മുള മണ്ഡലത്തിലെ പത്തനംതിട്ട അയിരൂർ - മുട്ടുകുടുക്ക -ഇല്ലത്തുപടി - മുട്ടുകുടുക്ക പ്രക്കാനം- പ്രക്കാനം ഇലവുംതിട്ട- കുളനട രാമഞ്ചിറ - താന്നിക്കുഴി തോന്നിയമല റോഡ് (28.12 കി.മീ) ഉൾപ്പെടുത്തുവാൻ സർക്കാർ ഉത്തരവായിട്ടുണ്ട്.<br><br>ഇതുകൂടാതെ റീബിൽഡ് കേരള പദ്ധതിക്ക് കീഴിൽ ഏറ്റെടുത്തിട്ടുള്ള തദ്ദേശസ്വയംഭരണ റോഡുകളിൽ ആറന്മുള നിയോജക മണ്ഡലത്തിൽ നിന്നും 23.35 KM ദൈർഘ്യം വരുന്ന 19 റോഡുകളും ഉൾപ്പെടുത്തി സർക്കാർ ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ